**15 -ാം കേരള നിയമസഭ**

**11 -ാം സമ്മേളനം**

**നക്ഷത്രചിഹ്നമിട്ട ചോദ്യം നം. 62** **12-06-2024 - ൽ മറുപടിയ്ക്ക്**

**ആദിവാസി സമൂഹം നേരിടുന്ന പ്രശ്നങ്ങൾ പരിഹരിക്കാൻ നടപടി**

| ചോദ്യം | | ഉത്തരം | |
|---|---|---|---|
| **ശ്രീ. എൽദോസ് പി. കുന്നപ്പിള്ളിൽ,<br>ശ്രീ. എ. പി. അനിൽ കുമാർ ,<br>ഡോ. മാത്യു കുഴൽനാടൻ,<br>ശ്രീ. സനീഷ്കുമാർ ജോസഫ്** | | **ശ്രീ. കെ. രാധാകൃഷ്ണൻ<br>(പട്ടികജാതി, പട്ടികവർഗ്ഗ, പിന്നാക്ക വിഭാഗക്ഷേമവും ദേവസ്വവും പാർലമെന്ററികാര്യവും വകുപ്പ് മന്ത്രി)** | |
| (എ) | ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി വകുപ്പ് നടത്തിയ ഇടപെടലുകളും പദ്ധതികളും വിശദമാക്കാമോ; | (എ) | ആദിവാസി സമൂഹത്തിന്റെ ഉന്നമനത്തിനായി അവരുടെ കൂടി പങ്കാളിത്തം ഉറപ്പ് വരുത്തിയുള്ള പൂർണ്ണമായും പ്രയോജനപ്രദമാകുന്ന പദ്ധതികളാണ് നടപ്പിലാക്കി വരുന്നത്. വിദ്യാഭ്യാസം, ഭവനം, ഭൂമി, തൊഴിൽ, ആരോഗ്യം, അടിസ്ഥാന സൗകര്യ വികസനം എന്നീ മേഖലകളിൽ നടപ്പിലാക്കി വരുന്ന എല്ലാ പദ്ധതി പ്രവർത്തനങ്ങളിലും ആ സമൂഹത്തിന്റെ പങ്കാളിത്തം വർദ്ധിപ്പിക്കാൻ കഴിഞ്ഞിട്ടുണ്ട്.<br><br>സാമൂഹിക - സാമ്പത്തിക സർവ്വെ പ്രകാരം ലഭ്യമായ വിവരങ്ങളുടെയും വിവിധ പഠന റിപ്പോർട്ടുകളുടെയും അടിസ്ഥാനത്തിൽ വിദ്യാഭ്യാസം, സാമ്പത്തികം, ഭൗതീക ആസ്തി എന്നിവയിലൂടെ ജീവിത സാഹചര്യങ്ങൾ മെച്ചപ്പെടുത്താനായി. പദ്ധതികളുടെ കാര്യക്ഷമമായ നടത്തിപ്പ് വഴിയാണ് ഇത്തരത്തിൽ പുരോഗതി നേടുവാൻ കഴിഞ്ഞത്. പദ്ധതികളുടെ സമയബന്ധിതവും സുതാര്യവുമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നതിനും സാധിച്ചിട്ടുണ്ട്.<br><br>(നിലവിൽ നടപ്പിലാക്കുന്ന വിവിധ പദ്ധതികളുടെ വിവരം അനുബന്ധമായി ചേർക്കുന്നു.) |
| (ബി) | അട്ടപ്പാടിയിലെ ശിശുമരണവും അരിവാൾ രോഗിയായ ആദിവാസി യുവതി മരിച്ച സംഭവവും ഗൗരവത്തോടെ കാണുന്നുണ്ടോ; | (ബി) | ഇത്തരം സംഭവങ്ങൾ അതീവ ഗൗരവത്തോടെയാണ് സർക്കാർ കാണുന്നത്. അതുകൊണ്ടു തന്നെ ആയവ ആവർത്തിക്കാതിരിക്കാൻ ജാഗ്രതയോടെയുള്ള ഇടപെടൽ നടത്തുകയും തൽഫലമായി ശിശുമരണ നിരക്ക് ഗണ്യമായി കുറയ്ക്കുവാനും സാധിച്ചിട്ടുണ്ട്. |

| | | | |
|---|---|---|---|
| (സി) | സമാനമായ സംഭവങ്ങൾ ആവർത്തിക്കാതിരിക്കാനും ആദിവാസി മേഖലകളുടെ ഉന്നമനത്തിനായി പ്രത്യേക പാക്കേജ് നടപ്പാക്കാനും തയ്യാറാകുമോ; വിശദമാക്കാമോ? | (സി) | ഗർഭിണികൾക്കും നവജാതശിശുക്കൾക്കും ആരോഗ്യ പരിചരണം ഉറപ്പ് വരുത്തുന്നതിനായി ആരോഗ്യ , പട്ടികവർഗ്ഗ, വനിത ശിശുവികസനവകുപ്പുകളുടേയും കുടുംബശ്രീയുടേയും സഹകരണത്തോടെ അട്ടപ്പാടി നോഡൽ ഓഫീസർ കൂടിയായ ഒറ്റപ്പാലം സബ് കളക്ടറുടെ നേതൃത്വത്തിൽ സ്പെഷ്യൽ ഡ്രൈവ് നടപ്പാക്കുന്നുണ്ട്. ഒരു വകുപ്പിൽ നിന്നും ഒരു ഉദ്യോഗസ്ഥനെങ്കിലും ഓരോ ഊരിലും എല്ലാ ദിവസവും സന്ദർശിച്ച് പദ്ധതി നടത്തിപ്പ് വിലയിരുത്തി വരുന്നുണ്ട്.<br><br>സിക്കിൾസെൽ അനീമിയ രോഗികൾക്ക് പോഷകാഹാര ലഭ്യത ഉറപ്പ് വരുത്തുന്നതിനായി പ്രതിമാസം 2,500/- രൂപ വീതം ധനസഹായം അനുവദിക്കുന്നുണ്ട്. |

സെക്ഷൻ ഓഫീസർ

**അനുബന്ധം**

## എ. വിദ്യാഭ്യാസം

സ്കീമുകൾ

1. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി
2. പ്രീ-മെട്രിക്-സ്കോളർഷിപ്പ് പദ്ധതി – 9,10 ക്ലാസ്സുകളിൽ
(100% കേന്ദ്രാവിഷ്കൃത പദ്ധതി)
3. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി
4. പോസ്റ്റ്മെട്രിക് സ്കോളർഷിപ്പ് പദ്ധതി (കേന്ദ്ര സർക്കാർ സ്കോളർഷിപ്പ് പദ്ധതി)
5. ഹോസ്റ്റലുകൾ/ എം.ആർ.എസ്സുകൾ
6. വിദേശപഠനത്തിനുള്ള ധനസഹായം
7. അന്യസംസ്ഥാന പഠനം
8. അയ്യങ്കാളി മെമ്മോറിയൽ ടാലൻറ് സെർച്ച് ആൻറ് ഡെവലപ്പ്മെൻറ് പദ്ധതി.

9. സമർത്ഥരായ വിദ്യാർത്ഥികൾക്ക് പ്രത്യേക പ്രോത്സാഹനം.
10. മെഡിക്കൽ/എഞ്ചിനീയറിംഗ് കോഴ്സുകൾക്ക് പ്രവേശനം ലഭിച്ചവർക്കുള്ള ധനസഹായം
11. പട്ടികവർഗ വിദ്യാർത്ഥികൾക്ക് പൊതു പ്രവേശനപരീക്ഷാ പരിശീലനം.
12. ലാപ്ടോപ്പ് വിതരണം
13. സാമൂഹ്യപഠന മുറി
14. ഗോത്രബന്ധു പദ്ധതി
15. വിദ്യാവാഹിനി (ഗോത്രസാരഥി) പദ്ധതി
16. സിവിൽ സർവ്വീസ് പരീക്ഷാ പരിശീലനം
17. ട്യൂട്ടോറിയൽ ഗ്രാൻറ്
18. ഭാരത ദർശൻ (പ്രത്യേക ദുർബല ഗോത്ര വിഭാഗം), സ്കൂൾ കോളേജ് വിദ്യാർത്ഥികൾക്ക് പഠനയാത്ര
19. രക്ഷിതാക്കൾക്ക് പ്രോത്സാഹന ഗ്രാന്റ്
20 . വസ്ത്ര വിതരണം
21 . അനാഥരായ കുട്ടികൾക്കുള്ള സഹായം

22 . മോഡൽ പ്രീ സ്കൂളുകളുടെ നടത്തിപ്പ്

## സ്ഥാപനങ്ങൾ

1. മോഡൽ റസിഡൻഷ്യൽ സ്കൂൾ
2. പ്രീമെട്രിക്/പോസ്റ്റ് മെട്രിക് ഹോസ്റ്റലുകൾ
3. നഴ്സറി സ്ഥാപനങ്ങൾ
4. വൊക്കേഷണൽ ട്രെയിനിംഗ് ഇൻസ്റ്റിറ്റ്യൂട്ട്

5. ഉൽപ്പാദന പരിശീലന കേന്ദ്രം
6. വ്യവസായ പരിശീലന കേന്ദ്രം
7. സബ്സി ഡൈസ്ഡ് ഹോസ്റ്റലുകൾ

**ബി) ആരോഗ്യം**

- സമഗ്ര ആരോഗ്യ സുരക്ഷാ പദ്ധതി
  ചികിത്സാ ധന സഹായം

- അരിവാൾ രോഗികൾക്കുള്ള സാമ്പത്തിക സഹായം

- ആംബുലൻസ് സേവനം
  മൊബൈൽ മെഡിക്കൽ യൂണിറ്റുകൾ

- ജനനി ജന്മരക്ഷാ പദ്ധതി

- പട്ടികവർഗ്ഗ ദുരിതാശ്വാസ നിധി

<u>സ്ഥാപനങ്ങൾ</u>
1. ഒ.പി. ക്ലിനിക്കുകളും ആയുർവേദ ഡിസ്പെൻസറികളും
2. മിഡ് വൈഫറി സെൻറർ
3. ആയുർവേദ ആശുപത്രി
4. ആയുർവേദ ഡിസ്പെൻസറികൾ

**സി) <u>സാമൂഹ്യ- സാമ്പത്തിക ഉന്നമന പദ്ധതികൾ</u>**

1. അടിയൻ, പണിയൻ, പ്രാക്തനഗോത്രവർഗക്കാർ, വനത്തിൽ ജീവിക്കുന്ന പട്ടികവർഗക്കാർ എന്നിവർക്കുള്ള പ്രത്യേക പരിപാടി
2. ഭക്ഷ്യ സഹായ പദ്ധതി
3. കൈത്താങ്ങ്
4. പൂൾഡ് ഫണ്ട് പദ്ധതികൾ
5. അംബേദ്ക്കർ സെറ്റിൽമെൻറ് വികസന പദ്ധതി.
6. പെൺകുട്ടകൾക്കായുള്ള വിവാഹ ധനസഹായം
7. കോർപ്പസ് ഫണ്ട് പദ്ധതികൾ
8. പട്ടികവർഗ്ഗ പ്രൊമോട്ടർമാർ
9. ഊരുകൂട്ടങ്ങൾ
10. പ്രധാനമന്ത്രി ആദി ആദർശ് യോജന (പ്രത്യേക കേന്ദ്ര സഹായ പദ്ധതികൾ)

11. ഭവനരഹിതർക്ക് ഭവനം
12. വീട്ടുകളുടെ അറ്റകുറ്റപ്പണി
13. പട്ടികവർഗ്ഗ ക്ഷേമ സ്ഥാപനങ്ങളുടെ ധനസഹായം
14. ആർട്ടിക്കിൾ 275(1) പ്രകാരമുള്ള ഗ്രാൻറിൽ നടപ്പിലാക്കുന്ന പദ്ധതികൾ
15. ഏറ്റവും പിന്നോക്കമായ പട്ടിക വർഗ്ഗക്കാർക്കുള്ള തൊഴിൽ പരിശീലനം
16. പട്ടികവർഗ്ഗക്കാർക്കായുള്ള വരുമാനദായക കാർഷിക ഉദ്യമം
17. വിവര വിനിമയ വിദ്യാഭ്യാസ പദ്ധതി(IEC)
18. പ്രതിബദ്ധതയുള്ള സാമൂഹ്യ പ്രവർത്തകരുടെ സേവനം
19. കമ്യൂണിറ്റി കിച്ചൺ
20. ലാന്റ് ബാങ്ക് പദ്ധതി
21. വംശീയ വൈദ്യൻമാർക്ക് ധനസഹായം
22. വയനാട് ഗോത്രഭാഷ പഠന കേന്ദ്രം
23. പി.കെ കാളൻ കുടുംബ ക്ഷേമ പദ്ധതി
24. ഗോത്ര വാത്സല്യ നിധി
25. ആറളം സമഗ്ര പാക്കേജ്
26. ഇൻറർനെറ്റ് കണക്ടിവിറ്റി
27. അട്ടപ്പാടി കോർപ്പറേറ്റീവ് ഫാമിംഗ് സൊസൈറ്റി– ആറളം ഫാം പുനരുദ്ധാരണ പാക്കേജ്
28. കേരള ട്രൈബൽ പ്ലസ് പദ്ധതി
29. ഗോത്ര ജീവിക
30. മില്ലറ്റ് വില്ലേജ്
31. സോഷ്യൽ വർക്കർമാർ
32. മിശ്രവിവാഹ ധനസഹായം
33. നമത്ത് വെള്ളാമെ പദ്ധതി
34. ഹരിത രശ്മി
35. ഇടമലക്കുടി സമഗ്ര പാക്കേജ്
36. വനാവകാശ നിയമം നടപ്പിലാക്കൽ

അതിക്രമം തടയൽ നിയമ പ്രകാരം ധനസഹായം

37 .ഉന്നതി –സംരംഭകത്വം വികസന പരിപാടികയും സ്റ്റാർട്ടപ്പുകളും (പുതിയ പദ്ധതി )